**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6045** **17-03-2023 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം ഉല്പന്നങ്ങളുടെ തുടർച്ചയായുള്ള വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുഃസ്സഹമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായിട്ടുള്ള വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. |
| (ബി) | കേന്ദ്ര സർക്കാരിന് സമാനമായി സംസ്ഥാന സർക്കാരും പെട്രോളിയം ഉല്പന്നങ്ങളുടെ മേൽ സെസ്സ് ഏർപ്പെടുത്തി സാധാരണ ജനങ്ങൾക്ക് മേൽ അധിക നികുതി ഭാരം ഏൽപിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് വകയിരുത്തുന്നതിന് വേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ ആറ് വർഷത്തോളമായി സംസ്ഥാന സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന നികുതി നിരക്ക് യഥാക്രമം 31.80 ശതമാനത്തിൽ നിന്നും 30.08 ശതമാനമായും 24.52 ശതമാനത്തിൽ നിന്നും 22.76 ശതമാനമായും കുറവ് വരുത്തുകയുണ്ടായി. |
| (സി) | ഇക്കാര്യത്തിൽ 2011-16 ലെ സർക്കാർ അവലംബിച്ച മാതൃക സ്വീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 2011-16 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപന നികുതി 4 തവണ കുറയ്ക്കുകയും 13 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപന നികുതി 2 തവണ കുറയ്ക്കുകയും 5 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപന നികുതി 2011 ൽ യഥാക്രമം 29.01 ശതമാനവും 24.69ശതമാനവും ആയിരുന്നത് |

| | | | |
|---|---|---|---|
| | | | 2016 ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ കഴിഞ്ഞ 6 വർഷത്തോളമായി പെട്രോൾ, ഡീസൽ എന്നിവയുടെ വില്പന നികുതിയിൽ സംസ്ഥാന സർക്കാർ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ